കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1667/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം ഫോൺ 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

തീയതി 11.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ബാലരാമപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ബാലരാമപുരം ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 , 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14 , 15 )

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20 , 23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

4) സ്പെയർ

നം കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1667/17 തീയതി :11.08.2017

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 8.10.2016 മുതൽ 14.5.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ.എ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.5.2017 മുതൽ 25.05.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജയകുമാരി കെ. ആർ. , ഓഡിറ്റ് ഓഫിസർ<br>ശ്രീ.ഷിബു.റ്റി.,ഓഡിറ്റ് ഓഫിസർ |

| | |
|---|---|
| | ശ്രീ.പ്രേംനാഥ്.ജി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സീന.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1) ശ്രീമതി ആർ. എസ്. വസന്തകുമാരി | 1.4.2016മുതൽ വരെ 31.3.2017വരെ |
| സെക്രട്ടറി | 1) ശ്രീ. എസ്. പ്രേം<br>2) ശ്രീ.ഗോപിനാഥൻ | 1.04.2016മുതൽ 20.07.2016 വരെ<br>20.07.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി മാലിനി .എസ്. സാം. | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡി. ആഫീസർ പി.എച്ച്. സി. | ഡോ. ആർ. എം. ബിജു. | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡി. ആഫീസർ ഹോമിയോ | ഡോ. പ്രസന്ന കുമാരി | 1.04.2016മുതൽ 31.03.2017വരെ |
| മെഡി. ആഫീസർ, ആയുർവേദം | ഡോ. എസ്. മീന | 1.4.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ശശികുമാർ | 1.04.2016 മുതൽ 31.3.2017 വരെ |
| വി. ഇ. ഒ. (1) | ശ്രീ.നൗഷാദ്.എം.എം | 1.04.2016മുതൽ 31.3.2017വരെ |
| വി.ഇ.ഒ. (2) | ശ്രീ.മഹേഷ് കുമാർ | 1.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| എച്ച്.എം. | ശ്രീമതി പി. മേഴ്സി | 1.4.2016 മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജൻ | ശ്രീ.ശിവസെന്തിൽ കുമാർ | 9.09.2016 മുതൽ 31.3.2017വരെ |
| അസി. സെക്രട്ടറി | ശ്രീ. അബ്ദുൾ ജാവദ്. എ. | 01.04.16 മുതൽ 31.12.2016 വരെ |
| | ശ്രീ. ശിവകുമാർ. ബി. | 01.01.17 മുതൽ 01.02.17 വരെ |
| | ശ്രീമതി.ബിന്ദു | 02.02.17 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ദിവ്യ.എം. | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി പി. മേഴ്സി. | 1.4.2016 മുതൽ 31.3.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 | | | |
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| ഭാഗം 2 | | | |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2.1 | |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. | 2.2 | |
| 14 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ല. | 2.3 | |
| 15 | ഷോപ്പിംഗ് കോംപ്ലക്സ് വാടക -കുടിശ്ശിക 28,692/- രൂപ | 2.4 | |
| 16 | ലേല തുക റവന്യൂ റിക്കവറി വഴി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2.5 | |
| ഭാഗം 3 | | | |
| 17 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി-മരുന്ന് ലഭ്യമാക്കാൻ കാലതാമസം | 3.1 | |
| 18 | ഭക്ഷണ കിറ്റ് വിതരണം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് പദ്ധതികൾ ഒഴിവാക്കേണ്ടതാണ്. | 3.2 | |

| | | | |
|---|---|---|---|
| 19 | ഇടവിള കൃഷി വികസനം -യൂട്ടിലൈസേഷൻ സർട്ടി ഫിക്കേറ്റുംഅനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല | 3.3 | |
| 20 | ജൈവ സമൃദ്ധി ജൈവ പച്ചക്കറി കൃഷി മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ല - 23850/-രൂപ തടസ്സം ചെയ്യുന്നു | 3.4 | |
| 21 | ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ-പദ്ധതി നടപ്പിലാക്കുന്നതിനു കാലതാമസം | 3.5 | |
| 22 | ഭവന നിർമ്മാണം(ജനറൽ)- തുക കൈപ്പറ്റിയ ഗുണഭോക്താവ് വീട് പണി തുടങ്ങുകയോ തിരിച്ചടയ്ക്കുകയോ ചെയ്തില്ല. | 3.6 | |
| 23 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-314508/-രൂപ തടസ്സം വയ്ക്കുന്നു | 3.7 | |
| 24 | അംഗൻവാടികൾ, ബഡ്സ് സ്കൂൾ -ഭക്ഷണ സാധാനങ്ങൾ ട്രാൻസ്പ്പോർട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ സ്വീകരിച്ചതിൽ അപാകത | 3.8 | |
| 25 | അംഗൻവാടികൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അടിസ്ഥാന സൌകര്യങ്ങൾ അപര്യാപ്തം | 3.9 | |
| 26 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ | 3.10 | |
| 27 | ശിവൻകോവിൽ ഓട നിർമ്മാണം- അധിക അളവ് 4444/-രൂപ നിരാകരിക്കുന്നു | 3.11 | |
| 28 | ഒരേ ഇനം പ്രവൃത്തിക്കായി വ്യത്യസ്ത അളവിലെ കമ്പിയുടെ ഉപയോഗം അതീവ ശ്രദ്ധ പുലർത്തണം | 3.12 | |

| ഭാഗം 4 | | | |
|---|---|---|---|
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 | |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4.4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 34 | ഓഡിറ്റ് റിക്കവറി | 4.6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4.7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |
| 38 | അനുബന്ധം 1<br>ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4.10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 08-03-2016-ലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 25,14,53,072/-രൂപ വരവും 1,53,68,072/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 8,40,42,546/-രൂപയും ചെലവ് 7,00,01,101/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 04.08.2017 | _ | _ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| ഇല്ല | | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 11997752.61

വരവ് - 72044794.00

ആകെ - 84042546.61

ചെലവ് - 70001101.00

നീക്കിബാക്കി - 14041445.61

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻവർഷം | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18351173 | 18351173 | 18351173 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4768712 | 4768712 | 4768712 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 40341 | 40341 | 40341 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 3027935 | 3027935 | 3027935 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4505791 | 4505791 | 4505791 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8301704 | 8301704 | 8301704 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2415063 | 2415063 | 2415063 | 0 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് | 1688152 | 11689512 | 13377664 | 9609548 | 3768116 |
| എ.എൻ. ആർ.ജി.എസ്. | 14639 | 1489527 | 1504166 | 1487381 | 16785 |
| ശുചിത്വമിഷൻ | 221932 | 400000 | 621932 | 380867 | 241065 |
| സാക്ഷരതാ മിഷൻ | 12037 | 29648 | 41685 | 29000 | 12685 |
| ദുരിതാശ്വാസ നിധി | 7880 | 425 | 8305 | 0 | 8305 |
| ബി. ഫണ്ട് | 0 | 1776540 | 1776540 | 1776540 | 0 |
| മറ്റ് വരുവുകൾ (തനത് വരുമാനം) | 10053112 | 15248423 | 25301535 | 15307046 | 9994489 |
| ആകെ | 11997752 | 72044794 | 84042546 | 70001101 | 14041445 |

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2015-16 സാമ്പത്തിക വർഷത്തെ Excess of income over expenditure-ന്റെ closing balance 27853644.75രൂപയാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തെ Excess of income over expenditure-ന്റെ opening balance 23381379.75രൂപയാണ്.
2. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ്‌വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുകളുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിര ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതും പൂർണ്ണമല്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 75239270 | 98 | 47039109 | 57 | 46 | 48.75 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| നികുതി വരവുകൾ | | | |
| വിനോദ നികുതി | --- | --- | --- |
| തൊഴിൽ നികുതി | 1986900 | 2193379 | 206479 |
| കെട്ടിട നികുതി | 3263597 | 3625485 | 361888 |
| പരസ്യ നികുതി | 8300 | 6700 | 1600 |
| നികുതിയേതര വരവുകൾ | | | |
| ഷോപ്പിംങ് കോംപ്ളക്സ് വാടക | 790922 | 719928 | 70994 |
| ലേലം | 3002338 | 800000 | 2202338 |
| ഡി & ഒ ലൈസൻസ് | 258200 | 364500 | 106300 |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പരസ്യനികുതി ഈടാക്കിയും വസ്തുനികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1146540 | 650 |
| കർഷകതൊഴിലാളി പെൻഷൻ | 3157100 | 361 |

| | | |
|---|---|---|
| വിധവാപെൻഷൻ | 16787480 | 1506 |
| വാർദ്ധക്യകാലപെൻഷൻ | 34530680 | 3029 |
| വികലാംഗപെൻഷൻ | 4743620 | 442 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 630000 | 21 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം (Above 50 Years) | 682370 | 58 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.05.2017-ന് വൈകുന്നേരം 4.15മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36,495/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് തുടർനിർമ്മാണ, മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം പാലിച്ച് നിർവഹിക്കേണ്ടതുമാണ്.

## 1-11 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.03.2016മുതൽ 05.03.2016 വരെ | 01.12.2016മുതൽ 31.01.2016 വരെ | 25.03.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.03.2017 മുതൽ 23.03.2017 വരെ | 2011-12മുതൽ 2015-16 വരെ | 15.1.2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 (1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കെ.റ്റി.ഡി.സി.ബിയർ പാർലർ | 2-ാം |
| 2 | പഞ്ചായത്ത് റെസിഡൻസ് വെൽഫെയർ സൊസൈറ്റി | 2-ാം |
| 3 | പോപ്പുലർ ഫിനാൻസ് | 2-ാം |
| 4 | രേവതി ക്ലിനിക്ക് | 1, 2 |
| 5 | കേരള ഹൗസിംഗ് ബോർഡ് | 2 |
| 6 | ബാലരാമപുരം ഗ്രാമപഞ്ചായത്ത് റസിഡന്റ്സ് വെൽഫയർ സൊസൈറ്റി | 1, 2 |

ഓഡിറ്റ് എൻക്വയറി നം.2 നുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടയ്ക്കുവാൻ കത്തു നൽകിയിട്ടുണ്ടെന്നു അറിയിച്ചിരിക്കുന്നു. നികുതി ഈടാക്കിയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിനു പരിധിയിലുള്ള മുഴുവൻ വ്യാപര സ്ഥാപനങ്ങളെയും സംബന്ധിച്ച് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-3 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 266 വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടില്ലെന്നും. രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള ഫീസ് സഹിതം രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. അപ്രകാരം ലൈസൻസ് പുതുക്കാതെ 2016-17 സാമ്പത്തിക വർഷത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ലക്ഷ്യ |
| 2 | റ്റാൻഡം |
| 3 | വ്യാസ |
| 4 | സാഗർ |

സാഗർ എന്ന ട്യൂട്ടോറിയൽ സ്ഥാപനം കേസിൽ കിടക്കുന്നതിനാൽ രജിസ്ട്രേഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ലായെന്ന ഓഡിറ്റ് എൻക്വയറി നം.9 നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് 267 പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ട്യൂട്ടോറിയൽ സ്ഥാപനം പരിപാലിക്കുകയോ നടത്തുകയോ ചെയ്താൽ പ്രസ്തുത സ്ഥാപനം ആയിരം രൂപ വരെയുള്ള പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും നൂറ് രൂപവരെയാകുന്ന പിഴ ശിക്ഷയും നൽകേണ്ടതാണെന്ന നിഷ്കർശിച്ചിരിക്കുന്ന സാഹചര്യത്തിൽ മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക -കുടിശ്ശിക 28,692/- രൂപ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബാലരാമപുരം ഷോപ്പിംഗ് കോംപ്ലക്സിലെ 2016-17 സാമ്പത്തിക വർഷത്തെ കുടിശ്ശിക 28,692/-രൂപയാണ്. അവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരൻ | കടമുറി നം | കുടിശ്ശിക തുക |
|---|---|---|---|
| 1 | ശ്രീ.എൻ. ബേബി | 15 | 10056/- |
| 2 | ശ്രീ.മുഹമ്മദ് അലി | 36 | 1260/- |
| 3 | ശ്രീ.ഷംസുദ്ദീൻ | 45 | 1260/- |
| 4 | ശ്രീ.എം.മുസ്തഫ | 61 | 7836/- |
| 5 | ശ്രീമതി. ഷീജ | 67 | 8280/- |
| | | ആകെ | 28692/- |

കുടിശ്ശിക വരുത്തിയവരിൽ നിന്നും പലിശയുൾപ്പെടെയുള്ള വാടക ഈടാക്കി പഞ്ചായത്ത്

ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-5 ലേല തുക - റവന്യൂ റിക്കവറി വഴി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ പബ്ലിക്ക് മാർക്കറ്റ് ഫീസ് പിരിക്കുന്നതിനുള്ള ലേലം കൊണ്ട ശ്രീ.ഷാജിമോൻ, ഷാജി കോട്ടേജ്, അയണിമൂട്ട് വിള, ബാലരാമപുരം. എന്ന വ്യക്തിയിൽ നിന്നു ലേലയിനത്തിൽ ഈടാക്കുവാനുള്ള ബാക്കി തുകയായ 21,25,750/-രൂപയും അതിന്റെ പലിശയായ 1,68,880/-രൂപയും അടയ്ക്കുവാൻ ജാമ്യക്കാരനായ ശ്രീ.രാജൻ, മേൽപ്പുറതരിശ് വീട്, പരശുവയ്ക്കൽ എന്ന വ്യക്തിയുടെ വസ്തു റവന്യൂ റിക്കവറിയിലൂടെ ജപ്തി നടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി 3.05.2017-ലെ എ2.9142/12-ാംനം.കത്ത് മുഖാന്തിരം അറിയിച്ചുവെങ്കിലും, ആയതിന്റെ നടപടി സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.7/17 നുള്ള മറുപടിയിൽ റവന്യൂ റിക്കവറി വഴി തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിരിക്കുന്നു.പ്രസ്തുത നടപടികൾ ഉടൻ തന്നെ സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ വകയിരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി-മരുന്ന് ലഭ്യമാക്കാൻ കാലതാമസം

പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നു വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടു പ്രകാരം മുൻകൂർ തുക മെഡിക്കൽ സർവ്വീസസ് കോർപറേഷനു നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദവിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| പ്രോജക്ട് നം. | അടങ്കൽ/ ചെലവ് | തുക നൽകിയതിന്റെ വിശദാംശം | അപാകത |
|---|---|---|---|
| 24/17 (ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ) | 1,50,000/- | ബിൽ നം.9 തീയതി. 31.1.2017 | മരുന്ന് ലഭിച്ചിട്ടില്ല |

മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ഭക്ഷണ കിറ്റ് വിതരണം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവു പദ്ധതികൾ ഒഴിവാക്കേണ്ടതാണ്

പ്രോജക്ട് നം. – 24/17 സാന്ത്വന ചികിത്സ

ഫണ്ടിനം - വികസന ഫണ്ട്

അടങ്കൽ - 750000/- (വികസന ഫണ്ട് : 500000/-

മെയിന്റനൻസ് ഫണ്ട് : 250000/-)

ചെലവ് - 704900/- (വികസന ഫണ്ട് : 500000/-

മെയിന്റനൻസ് ഫണ്ട് : 204900/-)

ബിൽ നം - 7/2016-17, തീയതി 31/01/17.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ സാന്ത്വന ചികിത്സ പദ്ധയിയിൽ ഭക്ഷണകിറ്റ് വിതരണം നടത്തിയതു മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ്. പദ്ധതി മാർഗ്ഗരേഖ 11.10(vii) പ്രകാരം ഭക്ഷണ വിതരണ പരിപാടികളൊന്നും തന്നെ സാന്ത്വന പദ്ധതികളിൽ നടപ്പിലാക്കുവാൻ പാടില്ല. ഭാവിയിൽ ഇത്തരം പരിപാടികൾ നടപ്പാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഇടവിളകൃഷി വികസനം-യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും ലഭ്യമാക്കിയില്ല

പ്രോജക്ട് നം. - SO 085/17

എസ്റ്റിമേറ്റ് തുക - 1,00,000/-

ചെലവ് തുക - 96,000/-

ഫണ്ടിനം - വികസന ഫണ്ട് (ജനറൽ)

ബിൽ നം. - 020/02401239 തീയതി 30.03.2017

ജനറൽ വിഭാഗത്തിൽ 125 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി കിഴങ്ങുവിളകൾ കൃഷി ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. സ്ഥലത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ 125 യൂണിറ്റുകളായി 116 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഇടവിള കൃഷിക്കായി 96,000/-രൂപ ചെലവിൽ VFPCK യിൽ നിന്ന് വിത്തു ശേഖരിച്ച് വിതരണം ചെയ്യുകയും ചെയ്തു. ടി പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ജൈവ സമൃദ്ധി ജൈവ പച്ചക്കറി കൃഷി - മതിയായ രേഖകൾ ഹാജരാക്കിയില്ല - 23,850/-രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം. - SO 148/17

അടങ്കൽ തുക - 3,44,500/-

ചെലവ് തുക - 1,39,125/-

ഫണ്ടിനം - വികസന ഫണ്ട് (ജനറൽ)

ബിൽ നം. - 020/02401237 തീയതി 30.03.2017

20 സെന്റ് ഭൂമി വീതമുള്ള ജൈവകൃഷി യൂണിറ്റുകൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കിയത്. ജൈവ വളത്തിന് 75%ഉം ജൈവ കീടനാശിനിക്ക് 50% ഉം ഉൾപ്പെടെ ഒരു യൂണിറ്റിന് പരമാവധി 3975/-രൂപയാണ് സബ്സിഡി നൽകിയിരിക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി 35 യൂണിറ്റുകളാണ് 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയത്. എന്നാൽ താഴെപ്പറയുന്ന യൂണിറ്റുകൾക്ക് സബ്സിഡി തുക അനുവദിച്ചെങ്കിലും മതിയായ കൃഷിഭൂമി ഇല്ലാതിരുന്നതായോ രേഖകൾ ഹാജരാക്കാതിരുന്നതായോ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(I). കൃഷിഭൂമിയുടെ രേഖകൾ ഹാജരാക്കിയില്ല.

1. യൂണിറ്റിന്റെ പേര് - ഒരുമ

   അപേക്ഷകയുടെ പേര് - കുശലകുമാരി

   വാർഡ് നം. - 4

2. യൂണിറ്റിന്റെ പേര് - ഗ്രേസ്

   അപേക്ഷകയുടെ പേര് - വത്സല. ആർ.

   വാർഡ് നം. - 16

3. യൂണിറ്റിന്റെ പേര് - HLL ഹരിതം

   അപേക്ഷകയുടെ പേര് - സരിത. സി.എസ്.

   വാർഡ് നം. - 19

(II). മതിയായ കൃഷിഭൂമിയുടെ രേഖകൾ ഹാജരാക്കിയില്ല

1. യൂണിറ്റിന്റെ പേര് - ശ്രീഭദ്ര

   അപേക്ഷക - സി. ലീല

   വാർഡ് നം. - 5

   സർവ്വേ നം.551/14 ആയി 15.67 സെന്റ് കൃഷി ഭൂമിയുടെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

2. യൂണിറ്റിന്റെ പേര് - താരാ ലൈബ്രറി

   അപേക്ഷക - നിഷ

   വാർഡ് നം. - 13

   സർവ്വേ നം.383/14.2 ആയി 13.67 സെന്റ് കൃഷി ഭൂമിയുടെ രേഖകൾ മാത്രമാണ്

ലഭ്യമാക്കിയത്.

3. യൂണിറ്റിന്റെ പേര് - ദേവി

അപേക്ഷക - വിജയകുമാരി. ബി.

വാർഡ് നം. - 5

സർവ്വേ നം.548/14 ആയി 18.75 സെന്റ് കൃഷിഭൂമിയുടെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി യൂണിറ്റ് അനുവദിച്ച് സബ്സിഡി നൽകിയത് 23.05.2017-ലെ ഓഡിറ്റ് അന്വേഷണം നമ്പർ 14 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് 24.05.2017-ൽ ഏതാനും കരം തീർത്ത രസീതുകൾ ലഭ്യമാക്കിയെങ്കിലും സ്ഥലം ഉടമസ്ഥന്റെ സമ്മതപത്രം തുടങ്ങിയ രേഖകൾ ഹാജരാക്കുകയുണ്ടായില്ല. അതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന 6 യൂണിറ്റുകൾക്ക് സബ്സിഡി തുകയായി അനുവദിച്ച 23,850/-രൂപ തടസ്സം ചെയ്യുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ-പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം

പ്രോജക്ട് നം. - SO189/17

പ്രോജക്ടിന്റെ പേര് - ISO സർട്ടിഫിക്കേഷൻ

അടങ്കൽ തുക - 6,00,000/-

ചെലവ് തുക - 96,000/-

ഫണ്ടിനം - വേൾഡ് ബാങ്ക് ഗ്രാന്റ്

ബിൽ നമ്പരും തീയതിയും- 520/0120196 തീയതി 27.02.2017

ടി പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങളാണുള്ളത്.

1. കൺസൾട്ടൻസിയും കൺസൾട്ടേഷനും
2. കമ്പ്യൂട്ടർ വാങ്ങൽ
3. ബോർഡുകൾ എഴുതൽ
4. റെക്കോർഡ് മുറിയിലേക്ക് റാക്കുകൾ വാങ്ങൽ
5. ഹൈസ്പീഡ് സ്കാൻ വാങ്ങൽ
6. ഫ്രണ്ട് ഓഫീസിലേക്ക് കസേരകൾ വാങ്ങൽ
7. റെക്കോർഡ് പരിപാലന ചെലവുകൾ

മേൽ പറഞ്ഞവയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 96,000/-രൂപ ചെലവാക്കി കമ്പ്യൂട്ടർ വാങ്ങൽ മാത്രമാണ് ചെയ്തിട്ടുള്ളത്. കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിന് യോഗ്യമായ ടെണ്ടറുകൾ ലഭ്യമാകാത്തതിനാലാണ് പദ്ധതി നടത്തിപ്പ് പൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു (അവസാന ടെണ്ടർ തീയതി 02.05.2017).

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 22 തീയതി 25.05.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ഭവന നിർമ്മാണം (ജനറൽ) തുക കൈപ്പറ്റിയ ഗുണഭോക്താവ് വീട് പണി തുടങ്ങുകയോ തിരിച്ചടയ്ക്കുകയോ ചെയ്തില്ല.

പ്രോജക്ട് നം. - 102/15

പ്രോജക്ടിന്റെ പേര് - ഭവന നിർമ്മാണം

ഫണ്ടിനം - വികസന ഫണ്ട്

അടങ്കൽ തുക - 18,00,000

ചെലവ് തുക - 12,60,000/-

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ.

ഡി.ഡി. നമ്പരും തീയതിയും

782907 - 782912 തീയതി 30.12.2014 ₹1,20,000/-

785234 - 785239 തീയതി 30.01.2015 ₹3,20,000/-

786696 - 786702 തീയതി 21.02.2015 ₹4,40,000/-

790192 - 790199 തീയതി 31.03.2015 ₹3,80,000/-

2015-16-ലെ ടി പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 2,00,00/-രൂപ വീതം നൽകുന്നതിനാണ് വിഭാവനം ചെയ്തത്. ടി പദ്ധതിയുടെ ഒന്നാം ഘട്ടമായി ഗുണഭോക്താക്കൾക്ക് 20,000/-രൂപ വീതം അഡ്വാൻസായി നൽകിയിരുന്നു. ടി പദ്ധതിയിൽ ഉൾപ്പെട്ട 8 ഗുണഭോക്താക്കൾ വീട്ടു പണി പൂർത്തിയാക്കുകയും മുഴുവൻ തുകയും കൈപ്പറ്റുകയും ചെയ്തു. എന്നാൽ ഡി.ഡി. നമ്പർ 786702 തീയതി 21.02.2015 പ്രകാരം 20,000/-രൂപ അഡ്വാൻസായി കൈപ്പറ്റിയശ്രീ. ഗിരീഷ് ബാബു, വാറുവിളാകത്ത് വീട്, വാണിഗർത്തെരുവ്, ബാലരാമപുരം എന്ന ഗുണഭോക്താവ് പദ്ധതി പൂർത്തീകരിക്കേണ്ട 2016-17 സാമ്പത്തിക വർഷം അവസാനിച്ചിട്ടും വീട്ടു പണി തുടങ്ങിയതായി കാണുന്നില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.18 തീയതി 25.05.2017) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

ടിയാനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല - 314508/-രൂപ തടസ്സം വയ്ക്കുന്നു.

പഞ്ചായത്ത് സെക്രട്ടറിയുടെ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക (രൂപ) | ചെലവ് തുക (രൂപ) |
|---|---|---|---|---|
| 1 | SO 006/17 | SSA വിഹിതം | 219196 | 219196 |
| 2 | SO027/17 | ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 1000000 | 95312 |
| ആകെ | | | | 314508 |

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 അങ്കണവാടികൾ, ബഡ്സ് സ്കൂൾ - ഭക്ഷണ സാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ സ്വീകരിച്ചതിൽ അപാകത

പ്രോജക്ട് നം . - എസ്.ഒ.21/2017

പ്രോജക്ടിന്റെ പേര് - അങ്കണവാടി പോഷകാഹാരം

അടങ്കൽ തുക - 36,00,000/-

ചെലവ് തുക – 25,51,012/-

ഫണ്ടിനം - വികസനഫണ്ട് (പൊതു വിഭാഗം) ₹30,00,000/-

കേന്ദ്രാവിഷ്കൃത പരിപാടി ₹6,00,000/-

ബിൽ നം. - 01/04.08.2016

നിർവ്വഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ 39 അങ്കണവാടികൾ, 1 ബഡ്സ് സ്കൂൾ എന്നിവയ്ക്ക് പോഷകാഹാരം വിതരണം ചെയ്യുന്ന ലക്ഷ്യത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. ടി പദ്ധതിയുടെ ഭാഗമായി ഭക്ഷണ സാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനായി വാഹന ഉടമകളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. അതിൻ പ്രകാരം താഴെപ്പറയുന്ന 3 പേർ ക്വട്ടേഷനുകൾ സമർപ്പിച്ചു.

1. ശശിധരൻ നായർ. എസ്, നന്ദനം, പൂജപ്പുര.
2. പ്രീത. എസ്, ഉഷസ്, വിഷ്ണു നഗർ, എസ്റ്റേറ്റ്. പി.ഒ.

3. സുരേഷ്കുമാർ, റ്റി.സി.18/748, കുന്നപ്പുഴ, ആറാമട. പി.ഒ.

27.01.2016-ലെ IV(II) നമ്പർ പഞ്ചായത്ത് യോഗ തീരുമാനപ്രകാരം 3-ാം നമ്പരായി മുകളിൽ സൂചിപ്പിച്ചിട്ടുള്ള ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തു.

ക്വട്ടേഷനുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

1. ഭക്ഷണ സാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനായി ക്വട്ടേഷൻ സ്വീകരിച്ച ശ്രീ. സുരേഷ്കുമാറിന്റെ വാഹനം (KL-01-BN-1476) നോൺ ട്രാൻസ് പോർട്ടിങ് വിഭാഗത്തിൽപ്പെട്ടതും സ്വകാര്യ ആവശ്യങ്ങൾക്ക് മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 8 സീറ്റർ മാരുതി സുസുകി കാർ ആണ്. ടി വാഹനത്തിൽ ഭക്ഷണ സാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നത് നിയമ വിരുദ്ധമാണ്.

2. 1-ാം നമ്പർ ക്വട്ടേഷൻ പ്രകാരം ശ്രീ. ശശിധരൻ നായർ ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കുന്ന വാഹനം (DF 4207) നിലവിലുള്ളതല്ല എന്നാണ് കാണുന്നത്.

3. 2-ാം നമ്പർ ക്വട്ടേഷനിൽ ശ്രീമതി. പ്രീതാ. എസ്. കാണിച്ചിരിക്കുന്ന വാഹനം (KL-01-BM 6204).

3-ാം നമ്പർ ക്വട്ടേഷൻ നൽകിയിരിക്കുന്ന ശ്രീ. സുരേഷ്കുമാറിന്റെ ഉടമസ്ഥതയിലുള്ള ഹീറോഹോണ്ട പ്ലഷർ എന്ന ഇരു ചക്ര വാഹനമാണ്.

നിർവ്വഹണോദ്യോഗസ്ഥയോ പഞ്ചായത്തധികാരികളോ ക്വട്ടേഷനുകളുടെ സ്വീകാര്യത വിശകലനം ചെയ്തില്ല എന്നും ഇതിൽനിന്നു വ്യക്തമാണ്. നിരുത്തരവാദപരമായ ഇത്തരം പ്രവൃത്തികൾ സാമ്പത്തിക നഷ്ടമുണ്ടാക്കാനും അർഹതയില്ലാത്തവർക്ക് ആനുകൂല്യം നേടാനും ഇടയാക്കും.

ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 3/16.05.2017) നിർവ്വഹണോദ്യോഗസ്ഥയുടെ പ്രവൃത്തി പരിചയക്കുറവുകൊണ്ടാണ് അപാകം സംഭവിച്ചതെന്നും ഇത്തരം അപാകങ്ങൾ ആവർത്തിക്കില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത് അധികാരികളിൽ നിന്നും യാതൊരു മറുപടിയും ലഭ്യമായിട്ടില്ല.

ധനനഷ്ടമുണ്ടാക്കുന്നതിനും അനർഹരായവർക്ക് ആനുകൂല്യം ലഭിക്കാനിടയാക്കുന്നതുമായ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 അംഗൻവാടികൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

ഗ്രാമപഞ്ചായത്തിൽ 39 അങ്കണവാടികളും ഒരു ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററും ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ മേൽ നോട്ടത്തിലുണ്ട്. 23 അങ്കണവാടികൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. സ്വന്തമായി സ്ഥലമുണ്ടെങ്കിലും വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന അങ്കണവാടികളുമുണ്ട്. കുടിവെള്ളം, വൈദ്യുതി

തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത അങ്കണവാടികളിൽ അടിയന്തിര പ്രാധാന്യത്തോടെ ആയവ ലഭ്യമാക്കുന്നതിന് അധികാരികൾ നടപടി സ്വീകരിക്കേണ്ടതാണ്. അങ്കണവാടികൾ ബഡ്സ് സ്കൂൾ എന്നിവയുടെ അപര്യാപ്തതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അംഗൻവാടി സ്ഥലവും നമ്പരും | സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാത്തത് | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | വൈദ്യുതി ഇല്ലാത്തത് | കുടിവെള്ളം ഇല്ലാത്തത് |
|---|---|---|---|---|---|
| 1 | എരുത്താവൂർ (1) | - | - | Ö | Ö |
| 2 | പേഴൂർകോണം(2) | - | - | Ö | - |
| 3 | വടക്കേ മലഞ്ചരിവ് (3) | - | Ö | - | - |
| 4 | റസ്സൽപുരം (5) | - | Ö | - | - |
| 5 | എള്ളുവിള (6) | - | Ö | - | - |
| 6 | പുന്നയ്ക്കാട് (8) | - | Ö | - | - |
| 7 | കുന്നത്തുവിള (9) | - | Ö | - | Ö |
| 8 | തേരന്നൂർ (10) | - | Ö | - | - |
| 9 | ആലുവിള (11) | - | - | Ö | - |
| 10 | പരുത്തിച്ചാൽകോണം (13) | - | - | - | Ö |
| 11 | പുള്ളിയിൽ (14) | - | Ö | - | - |
| 12 | പരപ്പൻതല (15) | - | Ö | - | - |
| 13 | കൃഷിഭവൻ കോംപൗണ്ട് (16) | - | - | Ö | - |
| 14 | നെല്ലിവിള (17) | - | - | Ö | - |

| | | | | | |
|---|---|---|---|---|---|
| 15 | പുതിച്ചൽ (18) | - | Ö | - | - |
| 16 | രാമപുരം (19) | Ö | Ö | - | - |
| 17 | പരുത്തിവേലി (20) | Ö | Ö | - | - |
| 18 | കോഴോട് (21) | - | Ö | - | - |
| 19 | കോട്ടുകാൽകോണം (22) | - | Ö | - | Ö |
| 20 | കാവിൻപുറം (23) | Ö | Ö | - | - |
| 21 | പാലച്ചൽകോണം (24) | Ö | - | - | - |
| 22 | മൈലമൂട് (25) | - | Ö | - | - |
| 23 | അന്തിയൂർ, നെല്ലിവിള (26) | - | Ö | - | Ö |
| 24 | പാതിരിയോട് (27) | - | - | Ö | - |
| 25 | തോട്ടത്തുവിളാകം (28) | - | Ö | - | - |
| 26 | ആർ.സി. തെരുവ് (30) | - | Ö | - | - |
| 27 | പനയറക്കുന്ന് (31) | - | Ö | - | - |
| 28 | പരുത്തിത്തോപ്പ് (32) | - | Ö | - | - |
| 29 | ചാമവിള (33) | - | Ö | - | - |
| 30 | മണ്ണാർക്കുന്ന് (34) | - | - | Ö | Ö |
| 31 | വലിയവിള (35) | - | - | Ö | Ö |
| 32 | ഐത്തിയൂർ (36) | - | Ö | - | - |

| | | | | | |
|---|---|---|---|---|---|
| 33 | ക്ലടല്ലൂർ (38) | - | Ö | - | - |
| 34 | ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ, തെക്കേകുളം | - | - | Ö | Ö |

കുറിപ്പ്: അപാകങ്ങൾ (Ö) അടയാളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## 3-10 അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ

1). കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്.

പ്രോജക്റ്റ് നം. - SO 215/17

എസ്റ്റിമേറ്റ് തുക - 3,30,000/-

ചെലവ് തുക - 3,30,000/-

ഫണ്ടിനം - വികസനഫണ്ട് (ജനറൽ)

ബിൽ നമ്പർ - 14/16-17

ടി പദ്ധതി പ്രകാരം 33 അയൽക്കൂട്ടങ്ങൾക്ക് 10,000/- രൂപ ക്രമത്തിൽ റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ തിരിച്ചുവരവ് പരിശോധിക്കപ്പെട്ടിട്ടില്ല. ഫണ്ടിന്റെ തിരിച്ചു വരവ് കൃത്യമായ ഇടവേളയിൽ അടവാക്കുന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

2). പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതി ലൈൻ നീട്ടലും പോസ്റ്റ് മാറ്റവും

പ്രോജക്റ്റ് നം. - SO 44/17

എസ്റ്റിമേറ്റ് തുക - 4,87,500/-

ചെലവ് തുക - 4,87,393/-

ഫണ്ടിനം - വികസനഫണ്ട് (SCP)

ബിൽ നമ്പർ - 15 & 18/16-17

ഈ പദ്ധതിയുടെ നടത്തിപ്പിനായി ചെലവ് തുക ബാലരാമപുരം കെ.എസ്.ഇ.ബി. അസി. എൻജിനീയർക്ക് ഡി.ഡി.യിലൂടെ കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3). PMAY പഞ്ചായത്ത് വിഹിതം നൽകൽ

പ്രോജക്ട് നമ്പർ - SO 0049/17

അടങ്കൽ തുക - 12,22,990/-

ചെലവ് തുക - 12,22,990/-

ബിൽ നമ്പർ - 01 & 19/16-17

PMAY പദ്ധതിയ്ക്കായി നൽകിയിട്ടുള്ള പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4). ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം

പ്രോജക്ട് നമ്പർ - SO 0020/17

അടങ്കൽ തുക - 3,96,000/-

ചെലവ് തുക - 3,96,000/-

ബിൽ നമ്പർ - 04/16-17

പദ്ധതി ചെലവുതുക ആശ്രയ അക്കൗണ്ടിലേയ്ക്ക് 16.03.2017-ൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ ഈ തുക വിനിയോഗം ചെയ്തിട്ടില്ല. ആകയാൽ പദ്ധതി ലക്ഷ്യം നടപ്പിലാക്കാൻ വേണ്ട സത്വര നടപടികൾ ഭരണസമിതിയും ഉദ്യോഗസ്ഥരും ഉടനടിയാകെ കൈക്കൊള്ളേണ്ടതാണ്.

## 3-11 ശിവൻകോവിൽ ഓട നിർമ്മാണം - അധിക അളവ് 4444/-രൂപ നിരാകരണം

പ്രോജക്ട് നമ്പർ - SO 111/17

അടങ്കൽ തുക - 72,000/-

ചെലവ് തുക - 56,797/-

ഫണ്ടിനം - തനത് ഫണ്ട്

കരാർ നമ്പർ - 52/AE/LSGD/BLM/16-17 dated 23.12.2016

കൺവീനർ - സുരേഷ്കുമാർ

എം. ബുക്ക് നമ്പർ - 21/16-17

ഓട നിർമ്മാണത്തിനായി നാലു റീച്ചുകളായി എർത്ത് വർക്ക് നടത്തിയിട്ടുണ്ട്. ഈ റീച്ചുകളിൽ 16.95 x 0.40 x 0.30 എന്ന അളവിലെ ഒരു റീച്ചും ഉൾപ്പെടുന്നു. എന്നാൽ എർത്ത് വർക്കിനു ശേഷം ഈ റീച്ചിലെ 13.65 മീറ്റർ നീളം 95 സെന്റീമീറ്റർ വീതിയിൽ M10 അളവിലെ

കോൺക്രീറ്റ് ചെയ്തിരിക്കുന്നു.

M10 ചെയ്ത അളവ് = 13.65 x 0.95 x 0.10= 1.30$m^3$

M10 ചെയ്യേണ്ടഅളവ് = 13.65 x 0.40 x 0.10 = 0.54$m^3$

അധിക അളവ് = 0.76$m^3$

അധികം നൽകിയ തുക = 0.76 x 5847.80 = 4444/-രൂപ

അധികം നൽകിയ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 ഒരേ ഇനം പ്രവൃത്തിക്കായി വ്യത്യസ്ത അളവിലെ കമ്പിയുടെ ഉപയോഗം - അതീവ ശ്രദ്ധ പുലർത്തണം

2016-17 കാലയളവിൽ പൂർത്തീകരിച്ച സൈഡ് വാൾ നിർമ്മാണങ്ങളിൽ വ്യത്യസ്ത അളവുകളിൽ കമ്പിയുടെ ഉപയോഗം കാണുന്നു. ഉദാഹരണങ്ങൾ

| ക്രമ നം. | പദ്ധതിയുടെ പേര് | RCC 1:2:4 | ഉപയോഗിച്ച കമ്പിയുടെ അളവ് | ശരാശരി |
|---|---|---|---|---|
| 1 | തോപ്പത്തെരുവ് ഫുട്പാത്ത് കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മാണം (SO 136/17) | 5.33$m^2$ | 294 kg. | 55kg/$m^3$ |
| 2 | ചെറുമലനടപ്പാത & സൈഡ് വാൾ നിർമ്മാണം (SO 75/17) | 16.91$m^3$ | 382.32kg. | 22.60kg/$m^3$ |
| 3 | തൊളിയറത്തല ഓട നിർമ്മാണം (SO 138/17) | 35.67$m^3$ | 1351.86kg. | 37.90kg/$m^3$ |

സൈഡ് വാൾ നിർമ്മിതികളുടെ പൊക്കവും വീതിയും ഏകദേശം ഒരു പോലെയാകയാൽ കമ്പിയുടെ അളവിലെ വ്യത്യാസങ്ങൾ ശ്രദ്ധേയമാണ്. ഇത്തരം അപാകതകൾ ധനനഷ്ടത്തിനു കാരണമാണ്. ആകയാൽ ഇത്തരം പ്രവൃത്തികളിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ഡി.ഡി.നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 385090<br>385475<br>385474 | 1440513 | - | വിനിയോഗ സാക്ഷിപത്രം ലഭിച്ചിട്ടില്ല- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | സ്ഥാപനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 58/2009, dt 08.08.08 | 16926000 | 4611000 | - | - | 4611000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | 15,314/- | * | |

*. AFS പ്രകാരം മേൽ തുക റിക്കവറി ഇനത്തിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72044794 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70001101 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4444/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 338358/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | | 4444/- | ശ്രീമതി മാലിനി .എസ് സാം<br>(അസിസ്റ്റന്റ് എഞ്ചിനീയർ) |
| ആകെ | | 4444/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 23850/- | ശ്രീ.ശശികുമാർ ,കൃഷി ഓഫീസർ |
| 3-7 | 314508/- | ശ്രീ. ഗോപിനാഥൻ, സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1159/02, | 6 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1275/03, | 7 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1185/05, | 4 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി4/568/07, | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1684/07, | ഇല്ല | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1930/08, | ഇല്ല | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1411/09, | 4 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1235/11, | 7 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1236/2013, | 5 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1762/2014, | 11 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1715/2014- | 9 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1303/2014, | 32 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/913/2015, | - | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.4/813/2016, | 21 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1931/2016 | 19 | |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, തിരുവനന്തപുരം

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരംഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ ചുവടെ പറയുന്ന അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

## ന്യൂനതകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2015-16 സാമ്പത്തിക വർഷത്തെ Excess of income over expenditure-ന്റെ closing balance 27853644.75 രൂപയും 2016-17 സാമ്പത്തിക വർഷത്തെ Excess of income over expenditure-ന്റെ opening balance 23381379.75/-രൂപയുമാണ്.
2. പഞ്ചായത്തിന്റെ എല്ലാ ആസ്തി വിവരങ്ങളും ധനകാര്യപത്രികയിൽ ഉൾപ്പെടുന്നില്ല.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, തിരുവനന്തപുരം